©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 ജൂലൈ 28
28th July 2025
1200 കർക്കടകം 12
12th Karkadakam 1200
1947 ശ്രാവണം 6
6th Sravana 1947

നമ്പർ
No.
2779

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:20/2025/സം.തി.ക തിരുവനന്തപുരം, 2025 ജൂലൈ 28

ഭാരതത്തിന് പുറത്ത്, ജോലി, വിദ്യാഭ്യാസം അല്ലെങ്കിൽ മറ്റു വിധത്തിൽ, താൽക്കാലികമായോ അല്ലാതെയോ താമസിക്കുന്നതും മറ്റേതെങ്കിലും രാജ്യത്തെ പൗരത്വം നേടിയിട്ടില്ലാത്തതും കേരളത്തിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തതും സമ്മതിദായക പട്ടികയിൽ മറ്റുവിധത്തിൽ അയോഗ്യനല്ലാത്തതും യോഗ്യത കണക്കാക്കുന്ന തീയതിയിൽ 18 വയസ്സിൽ കുറയാത്ത പ്രായമുള്ളതുമായ ഏതൊരു പ്രവാസി ഭാരതീയനും പ്രവാസി ഭാരതീയ സമ്മതിദായകനായി തന്റെ പാസ്പോർട്ടിൽ പരാമർശിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ ഒരു നിയോജകമണ്ഡലത്തിനുവേണ്ടിയുള്ള സമ്മതിദായക പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് യോഗ്യതയുണ്ടെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 21 എ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരമുള്ള പ്രവാസി ഭാരതീയ സമ്മതിദായകൻ തന്റെ പാസ്പോർട്ടിൽ പരാമർശിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ വോട്ടർപട്ടികയിൽ പേര്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രജിസ്റ്റർ ചെയ്യുന്നതിന് കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ഫോറം 4 എ -യിലുള്ള അപേക്ഷ ബന്ധപ്പെട്ട പഞ്ചായത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകേണ്ടതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 6 എ ചട്ടം 6 ബി ചട്ടത്തോട് കൂട്ടിവായിച്ച പ്രകാരം ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

എ.ഷാജഹാൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.07.28 08:33:26 +05:30